ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം – ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (EB2 ) വിഭാഗം**

**നം.DTETVM/2823/2026-EB2 (EB) (4)** **തിരുവനന്തപുരം, തീയതി : 31-08-2026**

---

വായന :- **1** . ഈ കാര്യാലയത്തിൽ നിന്നുള്ള **21/08/2026** തീയതിയിലെ **DTETVM/2823/2026-EB2 (EB) നമ്പർ ഉത്തരവ്**

**2** . **25.02.2017** ലെ സ. ഉ (പി) നം. **03/2017**/ഉഭപവ തിരുവനന്തപുരം നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

ഈ വകുപ്പിന് കീഴിലെ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ **2026** ലെ പൊതു സ്ഥലംമാറ്റ അന്തിമ പട്ടിക പരാമർശം **(1)** പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

ടി. ഉത്തരവിൽ ക്രമ നമ്പർ **25** ആയി ഉൾപ്പെട്ട, മീനങ്ങാടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ ബിനോ ടി. എസ്. ന് സ്ഥലംമാറ്റം അനുവദിച്ച മേപ്പാടി, സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ, ടിയാനെ അനുകമ്പാർഹമായ കാരണത്താൽ മീനങ്ങാടി, സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലനിർത്തുകയോ, സ്ഥലംമാറ്റം അനുവദിക്കപ്പെട്ട മേപ്പാടി, സർക്കാർ പോളിടെക്നിക്ക് കോളേജിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സാഹചര്യം ഒരുക്കുകയോ ചെയ്യണമെന്ന് അപേക്ഷിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ മേപ്പാടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി സ്മിത സി (പെൻ:**626040**) യെ വയനാട്, സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാരിയെ ബന്ധപ്പെട്ട സ്ഥാപനമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, വിടുതൽ/ ചേരുംകാലം സ്ഥാപനമേധാവികൾ ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാരിക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 127 പ്രകാരം പ്രവേശനകാലത്തിന് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാരിക്ക് ചട്ടപ്രകാരമുള്ള യാത്രാപ്പടിയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

സ്ഥാപനമേധാവികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവ് ഡൗൺലോഡ് ചെയ്ത് ജീവനക്കാരിയെ വിടുതൽ/പ്രവേശനം ചെയ്യിയ്ക്കേണ്ടതുമാണ്.

Digitally signed by
Savier J S
Date: 31-08-2026
12:44:35

**DR.SAVIER J S**

**DIRECTOR (SPFU)**

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് / സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി